# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 852 28/02/2018-ൽ മറുപടിയ്ക്ക്

**<u>ബിവറേജസ് ഔട്ട് ലെറ്റുകൾ</u>**

| ചോദ്യം<br>ശ്രീ.ആർ.രാമചന്ദ്രൻ | ഉത്തരം<br>ശ്രീ. റ്റി.പി.രാമകൃഷ്ണൻ<br>(തൊഴിലും, എക്സൈസും വകുപ്പ് മന്ത്രി) |
|---|---|
| (എ) സംസ്ഥാനത്ത് എത്ര ബിവറേജസ് ഔട്ട് ലെറ്റുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) സംസ്ഥാനത്ത് അനുമതിയുള്ള 270 ബിവറേജസ് ഔട്ട് ലെറ്റുകളിൽ 260 എണ്ണം നിലവിൽ പ്രവർത്തിക്കുന്നുണ്ട്. |
| (ബി) ദേശീയപാതയോരങ്ങളിലെ മദ്യശാലകൾ ഒഴിവാക്കുന്നതിനോടനുബന്ധിച്ച് എത്ര ഔട്ട് ലെറ്റുകൾ നിർത്തലാക്കിയെന്ന് വിശദീകരിക്കുമോ; | ബി) ദേശീയപാതയോരങ്ങളിലെ മദ്യശാലകൾ ഒഴിവാക്കുന്നതിനോടനുബന്ധിച്ച് ബിവറേജസ് കോർപ്പറേഷന്റെ ഔട്ട് ലെറ്റുകളൊന്നും നിറുത്തലാക്കിയിട്ടില്ല. എന്നാൽ അനുയോജ്യമായ കെട്ടിടം ലഭ്യമല്ലാത്തതിനാൽ 10 ഔട്ട് ലെറ്റുകൾ നിലവിൽ പ്രവർത്തിക്കുന്നില്ല. |
| സി) പുതുതായി ലൈസൻസ് നൽകിയ ബാറുകൾക്ക് റോഡുകളുമായുള്ള ദൂരപരിധി ബാധകമാണോ ; വിശദീകരിക്കുമോ? | (സി) ബാധകമാണ്. സുപ്രീം കോടതിയുടെ ഉത്തരവ് പ്രകാരം പഞ്ചായത്ത് പരിധിയിലുള്ള ദേശീയ-സംസ്ഥാന പാതകളിൽ നിന്നും 500 മീറ്റർ മാറി മാത്രമെ മദ്യവിൽപ്പന അനുവദനീയമായുള്ളു. എന്നാൽ പഞ്ചായത്തുകളിലെ മദ്യവില്പന യിലെ ദൂരപരിധി സംബന്ധിച്ച് ബഹു.സുപ്രീം കോടതി ഏറ്റവും ഒടുവിൽ നടത്തിയിട്ടുള്ള വിധി പ്രഖ്യാപനം പരിശോധിച്ച് ഇക്കാര്യത്തിൽ അനുയോജ്യമായ മേൽ നടപടികൾ സ്വീകരിക്കുന്നതാണ്. |

Sreedevi

സെക്ഷൻ ഓഫീസർ